## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1934** **08.03.2018 ൽ മറുപടിക്ക്.**

### ജി.എസ്.ടി - വാണിജ്യനികുതി വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾ

**ചോദ്യം** **മറുപടി**

**ശ്രീ.മഞ്ഞളാംകുഴി അലി** **ഡോ.ടി.എം.തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയശേഷം വാണിജ്യ നികുതി വകുപ്പിൽ എന്തെല്ലാം പരിഷ്കരണങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) | നിലവിൽ വാണിജ്യ നികുതി വകുപ്പിൽ ചെക്ക് പോസ്റ്റുകൾ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വാഹന പരിശോധന ശക്തമാക്കുന്നതിനായി കൂടുതൽ സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. ഈ ചെക്ക്പോസ്റ്റുകളിലെ അനുവദിക്കപ്പെട്ടിരുന്ന തസ്തികകൾ പൂർണ്ണമായും വകുപ്പിന്റെ തന്നെ വിവിധ ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർ വിന്യസിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ ഇന്റലിജൻസ് സ്ക്വാഡുകളിലേയ്ക്കും പഴയ വാറ്റ് അസസ്സ്മെന്റ് ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം വകുപ്പിൽ അധികമുള്ള തസ്തികകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; അധികമുള്ള തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനോ മറ്റ് വകുപ്പുകളിലേയ്ക്ക് പുനർ വിന്യസിക്കുന്നതിനോ ആലോചനയുണ്ടോ; | (ബി) | ചെക്ക്പോസ്റ്റുകളിൽ അനുവദിക്കപ്പെട്ടിരുന്ന തസ്തികകൾ പൂർണ്ണമായും വകുപ്പിന്റെ തന്നെ വിവിധ ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർ വിന്യസിച്ചിട്ടുണ്ട്. തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനോ മറ്റ് വകുപ്പുകളിലേയ്ക്ക് പുനർ വിന്യസിക്കുന്നതിനോ ആലോചനയുണ്ടായിട്ടില്ല |
| (സി) | ജി.എസ്.ടി. നിലവിൽ വന്നതു കാരണം വകുപ്പിൽ ഇന്റലിജൻസ് വിംഗിന്റെ ജോലി ഭാരത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ഈ വിംഗിന്റെ ജോലി സ്വഭാവത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായി ട്ടുള്ളത്; | (സി) | ജി.എസ്.ടി.യുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതും ജി.എസ്.ടി. നിയമ പ്രകാരം ചെക്ക്പോസ്റ്റുകൾക്ക് നിയമപരമായ സാധുത ഇല്ലാത്തതിനാൽ ചെക്ക്പോസ്റ്റുകൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതും ഇതിനെ തുടർന്ന് നിലവിൽ വരുമെന്ന് പറഞ്ഞിരുന്ന ഇ-വേ ബിൽ നിലവിൽ വരാത്തതിനാലും വകുപ്പിന്റെ ഇന്റലിജൻസ് വിംഗിന്റെ ജോലിഭാരത്തിൽ കുറവുണ്ടായിട്ടില്ല. ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതു കൊണ്ട് മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന സാധനങ്ങളുടെ പരിശോധന കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. സംസ്ഥാന അതിർത്തി മേഖലകളിൽ നികുതി വെട്ടിച്ച് ചരക്ക് നീക്കം തടയുന്നതിനായി കർശന നിരീക്ഷണത്തിനും പരിശോധനയ്ക്കുമായി കൂടുതൽ ഇന്റലിജൻസ് സ്ക്വാഡുകളെ 24 മണിക്കൂറും നിരീക്ഷണത്തിനായി |

| | | | |
|---|---|---|---|
| | | | നിയോഗിച്ചിട്ടുണ്ട്. കൂടാതെ ജി.എസ്.ടി. പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞിട്ടില്ലാത്തതും ജി.എസ്.ടി. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെടാത്തതുകൊണ്ടും പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ട സാഹചര്യം നിലവിലുണ്ട്. ഹോട്ടലുകളിൽ നിന്ന് തുടർച്ചയായി ബില്ലുകൾ ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്തുവരുന്നു. നികുതി വെട്ടിപ്പ് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ, പാഴ്സൽ ഓഫീസുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തിവരുന്നു. പുതിയ സേവന മേഖലകളിൽ ഉൾപ്പെടെ പരിശോധന നടത്തി ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമായ കേസുകളിൽ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ജി.എസ്.ടി.യിൽ സർവ്വീസ് മേഖല കൂടി വരുന്നതിനാൽ ആയതുമായി ബന്ധപ്പെട്ട നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അന്വേഷണങ്ങളും തുടർ നടപടികളും പുതിയതായി നടത്തേണ്ടതുണ്ട്. മൈഗ്രേഷൻ ട്രാൻ-1, 3-ബി എന്നിവയുടെ ലിസ്റ്റുകൾ ലഭ്യമാക്കി ആവശ്യമായ അന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് ചെയ്യുന്നുണ്ട്. ജി.എസ്.ടി.യിൽ രജിസ്ട്രേഷൻ പുതിയതായി എടുത്തവരുടെയും വാറ്റിൽ രജിസ്ട്രേഷൻ ഉണ്ടായിരുന്നിട്ടും ജി.എസ്.ടി.യിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യാത്തവരുടെയും വിവരങ്ങൾ ഇന്റലിജൻസ് വിഭാഗം പരിശോധിക്കുന്നുണ്ട്. കൂടാതെ വാറ്റ് കാലഘട്ടത്തെ പരിശോധന ഫയലുകൾ (സി.ആർ. / ഒ.ആർ.) സമയബന്ധിതമായി തീർപ്പാക്കിക്കൊണ്ടിരുന്നു. ആയതിനാൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ജോലിഭാരം സംബന്ധിച്ച് വിശകലനം ചെയ്യേണ്ട സമയമായിട്ടില്ല എന്ന് കണക്കാക്കുന്നു. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| (ഡി) | നികുതി വെട്ടിപ്പ് കണ്ടെത്തുന്നതുമായി ബന്ധപ്പെട്ടോ മറ്റ് രഹസ്യ സ്വഭാവമുള്ളതോ ആയ എത്ര പരിശോധനകൾ ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം ഇന്റലിജൻസ് വിംഗ് നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | കട പരിശോധന (എണ്ണം) | ബിൽ റിക്കവറി (എണ്ണം) | ടെസ്റ്റ് പർച്ചേസ് കേസുകൾ രഹസ്യ സ്വഭാവമുള്ളത് ഉൾപ്പെടെ (എണ്ണം) | റൂൾ വയലേഷൻ കോഡുകൾ (എണ്ണം) | ഹോട്ടൽ പരിശോധന & ബിൽ കളക്ഷൻ (എണ്ണം) | വാഹന പരിശോധന (എണ്ണം) |
| | | | 24 | 76767 | 3001 | 1596 | 29834 | 102099 |

സെക്ഷൻ ഓഫീസർ